ഉത്തരം

(എ) എഴുകോൺ, ഈസ്റ്റ് കല്ലട എന്നീ സ്ഥലങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്.

(ബി&സി) സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു. സ്ഥലം ലഭിച്ചാലുടൻ കാലതാമസം കൂടാതെ പണി ആരംഭിക്കുന്നതാണ്.

സ്പോട്ട് ബില്ലിംഗ് സമ്പ്രദായം:

97 (249) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി ബോർഡ് എവിടെയെല്ലാം സ്പോട്ട്ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബാക്കിയുള്ള സ്ഥലങ്ങളിൽകൂടി ഈ രീതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) രണ്ട് മാസത്തെ ഉപഭോഗം മൊത്തമായി മീറ്റർ റീഡിംഗ് എടുത്ത് സ്പോട്ട് ബില്ലിംഗ് നടത്തുന്ന കാരണം അധിക ചാർജ് നൽകേണ്ടി വരുന്നതായുള്ള ഉപഭോക്താക്കളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ബി) ഉണ്ട്.

(സി&ഡി) സ്പോട്ട് ബില്ലിംഗ് സമ്പ്രദായമനുസരിച്ച് രണ്ട് മാസത്തിൽ ഒരിക്കലാണ് റീഡിംഗ് എടുക്കുന്നത്. ഇതനുസരിച്ച് ലഭിക്കുന്ന രണ്ട് മാസത്തെ ഉപഭോഗത്തിന്റെ പകുതി ഒരു മാസത്തെ ഉപഭോഗമായി കണക്കാക്കി നിലവിലുള്ള താരിഫ് നിരക്കനുസരിച്ച് ബില്ല് ചെയ്ത തുകയുടെ ഇരട്ടിക്കാണ് രണ്ടുമാസത്തെ വൈദ്യുതി ചാർജ്ജായി ബില്ല് നൽകുന്നത് ആയതിനാൽ ഉപഭോക്താവിന് അധിക ചാർജ്ജ് നൽകേണ്ടി വരുന്നില്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുത പദ്ധതികൾ

98 (250) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർകോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ എന്നേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിലേക്കായി പുതിയ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഇ) കാസർകോഡ് ജില്ലയിലെ കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള വിവിധ ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ട് ;

(എഫ്) പ്രസ്തുത ഒഴിവുകൾ എന്നേക്ക് നികത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ആർ.ഇ.സി.യുടെ ധനസഹായത്തോടെ പി. എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. ചെറുവത്തൂരിൽ 110/33/11 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കൽ.
2. കാസർകോഡ് മുള്ളേരിയ, കാഞ്ഞങ്ങാട് എന്നീ നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനുകളിൽ 110/33 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.
3. കാസർകോഡ് ടൗൺ, അനന്തപുരം, ബദിയടുക്ക, പെർള, നീലേശ്വരം, ബേളൂർ, തൃക്കരിപ്പൂർ, വെസ്റ്റ് എളേരി എന്നിവിടങ്ങളിൽ 33/11 കെ. വി. സബ്സ്റ്റേഷനുകൾ കൂടാതെ മേൽപ്പറഞ്ഞ സബ്സ്റ്റേഷനുകളോടനു ബന്ധിച്ചുള്ള ലൈനുകൾ നിർമ്മിക്കൽ.

ഈ പദ്ധതികൾ 31-3-2001 ന് മുൻപ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാസർകോഡ് പവർ കോർപ്പറേഷൻ എന്ന കമ്പനി 20 മെ.വാ. ശേഷിയുള്ള താപ വൈദ്യുതി നിലയം മൈലാടിയിൽ നടപ്പാക്കി വരുന്നു. ഇത് 2000-2001-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ മൈലാടിയിൽ തന്നെ 107 മെ.വാ. ശേഷിയുള്ള മറ്റൊരു താപവൈദ്യുതി പദ്ധതിക്കുവേണ്ടി സി. സി. പവർ ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. ഈ പദ്ധതി 2001-2002-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) പുതിയ പദ്ധതികളൊന്നും ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവിധ തസ്തികളിലായി 1-5-2000-ൽ നിലവിലുണ്ടായിരുന്ന ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	- 1
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	- 3
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	- 18
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	- 2
സബ് എഞ്ചിനീയർ (സിവിൽ)	- 6
സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	- 32
ഓവർ സീയർ	- 65
മീറ്റർ റീഡർ	- 16
മസ്ദൂർ	- 59
സീനിയർ സൂപ്രണ്ട്	- 14
സീനിയർ അസിസ്റ്റന്റ്	- 34
ജൂനിയർ അസിസ്റ്റന്റ്	- 13
സ്റ്റെനോഗ്രാഫർ	- 2
ടൈപ്പിസ്റ്റ്	- 7
ഓഫീസ് അറ്റന്റന്റ്	- 11
വാച്ച്മാൻ	- 7
ലൈൻമാൻ (1 ആന്റ് 2)	- 63
കാഷ്യർ	- 13
ഡ്രൈവർ	- 15

(എഫ്) 2000 മേയ്-ജൂൺ മാസങ്ങളിൽ പുറപ്പെടുവിച്ച ട്രാൻസ്ഫർ ഓർഡർ മുഖേന കുറെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ പവർ പ്രോജക്ട്

99 (251) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ പവർ പ്രോജക്ടിന്റെ ഉടമസ്ഥതയിൽ കണ്ണൂരിൽ ആരംഭിക്കാൻ പോകുന്ന വൈദ്യുതി നിലയത്തിന്റെ പ്രവർത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേശീയവും അന്തർദേശീയവുമായ ഏതെല്ലാം സ്ഥാപനങ്ങളുടെ പങ്കാളിത്തമോ മുതൽ മുടക്കോ പ്രസ്തുത വൈദ്യുതി നിലയത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി എന്ത് വിലയ്ക്ക് വിൽക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly